# പതിനാലാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ:5899** **19.11.2019 ൽ മറുപടിക്ക്**

## കേരള ബാംബൂ കോർപ്പറേഷൻ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.കെ.എസ്.ശബരീനാഥൻ | ശ്രീ. ഇ. പി. ജയരാജൻ<br>(വ്യവസായവും സ്പോർട്ട്സും യുവജനകാര്യവും, വകുപ്പ് മന്ത്രി) |
| (എ) ബാംബൂ കോർപ്പറേഷനിൽ ഈറ്റ, പനമ്പ് നെയ്ത്ത് തൊളിലാളികൾക്ക് 2016 ആഗസ്റ്റ് മാസം മുതൽ വർദ്ധിപ്പിച്ച കൂലി മുൻകാല പ്രാബല്യത്തിൽ വിതരണം ചെയ്യുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ടോ; ബാംബൂ കോർപ്പറേഷനിലെ തൊഴിലാളികളുടെ ക്ഷാമബത്ത കുടിശ്ശിക വിതരണം ചെയ്യാനുണ്ടോ; എങ്കിൽ ക്ഷാമബത്ത കുടിശ്ശിക എന്നേക്ക് വിതരണം ചെയ്യുമെന്ന് വ്യക്തമാക്കാമോ; | (എ) സംസ്ഥാന ബാംബൂ കോർപ്പറേഷൻ കടുത്ത സാമ്പത്തിക പ്രതിസന്ധി നേരിടുന്നതിനാൽ 2016 ആഗസ്റ്റ് മുതൽ ഈറ്റവെട്ട്, പനമ്പ് നെയ്ത്ത് തൊഴിലാളികൾക്ക് വർദ്ധിപ്പിച്ച കൂലി നൽകാൻ കഴിഞ്ഞിട്ടില്ലെങ്കിലും നിലവിലുള്ള പനമ്പ് സംഭരണ വിലയിൽ 20% വർദ്ധനവ് വരുത്തി തൊഴിലാളികൾക്ക് നൽകിവരുന്നു. ബാംബൂ കോർപ്പറേഷനിലെ ഈറ്റ-പനമ്പ് നെയ്ത്ത് തൊഴിലാളികൾക്ക് ക്ഷാമബത്ത കുടിശ്ശിക ഇനത്തിൽ ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം 1 കോടി 97 ലക്ഷം രൂപ വിതരണം ചെയ്തിട്ടുണ്ട് എന്നാലും കുടിശ്ശിക ഇനത്തിൽ ഇനിയും 9.67 കോടി രൂപ നൽകുവാനുണ്ട്. |
| (ബി) തൊഴിലാളികളുടെ മിനിമം വേതനം അറുന്നൂറ് രൂപയായി നിശ്ചയിക്കണമെന്നുള്ള ആവശ്യം ഉടൻ പരിഗണിക്കുമോ; പി.എഫ്- ൽ അംഗങ്ങളായ തൊഴിലാളികൾക്ക് അതിൽ നിന്നും പിടിക്കുന്ന തുകയുള്ള രസീത് മാസാമാസം നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ; വിശദമാക്കാമോ; | (ബി) ഈറ്റ, പനമ്പ്, നെയ്ത്ത് തൊഴിലാളികളുടെ മിനിമം വേതനം സ.ഉ. (പി) നം.134/16/ തൊഴിൽ ഉത്തരവ് പ്രകാരം പുതുക്കി നിശ്ചയിച്ചിട്ടുണ്ട്. പി.എഫ് ൽ അംഗങ്ങളായവർക്ക് പി.എഫ്. പിടിയ്ക്കുന്ന തുകയുള്ള വിവരം തൊഴിലാളികളുടെ പാസ്സ്ബുക്കിൽ പതിച്ച് നൽകി വരുന്നു. |
| (സി) ബാംബൂ കോർപ്പറേഷനിലെ വിവിധ കേന്ദ്രങ്ങളിൽ തൊഴിലാളികൾക്ക് ആവശ്യമായ ഗുണനിലവാരമുള്ള | (സി) ബാംബൂ കോർപ്പറേഷനിലെ വിവിധ കേന്ദ്രങ്ങളിലെ തൊഴിലാളികൾക്ക് ആവശ്യമായ ഗുണനിലവാരമുള്ള |

| | | | |
|---|---|---|---|
| | ഈറ്റ യഥാസമയം ലഭിക്കുന്നില്ല എന്നുള്ള കാര്യം സർക്കാർ ഗൗരവമായി കാണുമോ; വ്യക്തമാക്കാമോ; | | ഈറ്റയാണ് നൽകിവരുന്നത്. |
| (ഡി) | സർവ്വീസിൽ നിന്നും വിരമിക്കുന്ന ഡിപ്പോ തൊഴിലാളികളുടെ ആനുകൂല്യങ്ങൾ കാലതാമസം കൂടാതെ വിതരണം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ; തൊഴിലാളികളുടെ ചികിത്സാ സഹായം, മരണാന്തര സഹായം എന്നിവ വിതരണം ചെയ്യുന്നതിൽ കാലതാമസം ഉണ്ടാകുന്നു എന്ന പരാതി പരിഹരിക്കുവാൻ സത്വര നടപടി സ്വീകരിക്കുമോ; | (ഡി) | സർവ്വീസിൽ നിന്നും വിരമിയ്ക്കുന്ന/ വിരമിച്ച ഡിപ്പോ തൊഴിലാളികളുടേയും മറ്റ് ജീവനക്കാരുടേയും റിട്ടയർമെന്റ് ആനുകൂല്യങ്ങൾ കോർപ്പറേഷന്റെ സാമ്പത്തിക പ്രതിസന്ധിമൂലം യഥാസമയം നൽകുവാൻ കഴിഞ്ഞിട്ടില്ല. തൊഴിലാളികളുടെ ചികിത്സ, മരണാനന്തര സഹായമെന്നിവ വിതരണം ചെയ്യുന്നതിൽ സാമ്പത്തിക ബുദ്ധിമുട്ടുള്ളത് കൊണ്ടാണ് കാലതാമസം വരുന്നത്. ഭാവിയിൽ സാമ്പത്തിക സ്ഥിതി മെച്ചപ്പെടുന്ന മുറയ്ക്ക് കാലതാമസം കൂടാതെ നൽകുന്നതാണ്. |
| (ഇ) | ബാംബൂ കോർപ്പറേഷനിലെ ഡിപ്പോ തൊഴിലാളികളുടെ കാലഹരണപ്പെട്ട കരാർ പുതുക്കി നൽകുന്നതിനുള്ള നടപടി സ്വീകരിക്കുമോ; നിലവിൽ ഡിപ്പോകളിലെ ഡിപ്പോ തൊഴിലാളികളിൽ ട്രെയിനികൾ ആയി ഒരു വർഷം കാലാവധി പൂർത്തിയാക്കിയവർക്ക് സ്ഥിരനിയമനം നൽകുമോ; വിശദമാക്കുമോ; | (ഇ) | ബാംബൂ കോർപ്പറേഷനിലെ ഡിപ്പോ തൊഴിലാളികളുടെ നിലവിലെ കരാർ നടപ്പിലാക്കിയത് 01/04/2016 മുതൽക്കാണ്. ഇതിന്റെ കാലാവധി 4 വർഷമാണ്. കാലാവധി ഇനിയും പൂർത്തിയായിട്ടില്ല. പൂർത്തിയാക്കുന്ന മുറക്ക് ഇതുമായി ബന്ധപ്പെട്ട ട്രേഡ് യൂണിയനുകളുമായി ചർച്ച ചെയ്ത് ഈ ആവശ്യത്തിന് പരിഹാരം കാണുന്നതാണ്. |
| (എഫ്) | സ്പെഷ്യൽ പനമ്പിന്റെ ഉത്പാദനം ഏകപക്ഷീയമായി നിർത്തലാക്കിയത് തൊഴിലാളികൾക്ക് ദോഷകരമായി തീരുമെന്ന കാര്യം സർക്കാർ ഗൗരവമായി കാണുമോ; പനമ്പിന് സർക്കാർ നിശ്ചയിച്ച തുക തൊഴിലാളികൾക്ക് നൽകുന്നതിനുള്ള നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ? | (എഫ്) | സ്പെഷ്യൽ പനമ്പിന്റെ ഉല്പാദനം നിർത്തലാക്കിയിട്ടില്ല. ഉല്പാദനത്തിന് ആവശ്യമായ കോർ പനമ്പുകൾ കൂടുതൽ എണ്ണത്തിൽ ആവശ്യമുള്ളതിനാൽ സ്പെഷ്യൽ പനമ്പിന്റെ ഉല്പാദനത്തിൽ ആവശ്യാനുസരണം മാറ്റം വരുത്തിയിട്ടുണ്ട്. ബാംബൂ പ്ലൈയുടെ ഉല്പാദനം അനുസരിച്ചാണ് പ്രൊഡക്ഷൻ ഷെഡ്യൂൾ ചെയ്യുന്നത് |

സെക്ഷൻ ഓഫീസർ